*News Release*

## ചരിത്രമെഴുതി കുവൈറ്റ് മഹാ ഇടവക, അഭിമാനത്തോടെ മലങ്കര സഭ

## സഭയിലെ ആദ്യത്തെ 'ജൂബിലി വേദ മഹാവിദ്യാലയ'മായി കുവൈറ്റ് സൺഡേസ്കൂൾ

### ഒരു വർഷം നീണ്ട സൺഡേസ്കൂൾ സുവർണജൂബിലി ആഘോഷങ്ങൾക്ക് സമാപനം

വിശ്വാസത്തിലും, പാരമ്പര്യത്തിലും വിട്ടുവീഴ്ചയില്ലെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട്, വലിപ്പം കൊണ്ടും പ്രവർത്തന മികവു കൊണ്ടും മലങ്കര സഭയുടെ അഭിമാനമായ കുവൈറ്റ് സെൻറ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവക സൺഡേസ്കൂളിൻെറ ഒരു വർഷം നീണ്ടുനിന്ന സുവർണജൂബിലി ആഘോഷങ്ങൾക്ക് സമാപനമായി. 2014 നംവംബറിൽ HG Mathews Mar Theodosius, (Metropolitan of Idukki Diocese) ഉത്ഘാടനം നിർവ്വഹിച്ച ജൂബിലി ആഘോഷങ്ങൾ 2015 October 16-ന് അനേകം വിശിഷ്ഠ വ്യക്തിത്വങ്ങളുടെ സാന്നിദ്ധ്യത്തിൽ സഭയുടെ പരമാദ്ധ്യക്ഷൻ മുഖ്യാഥിതിയായി പങ്കെടുത്ത ചടങ്ങോടെ സമാപിച്ചു

ജൂബിലി സമാപനത്തിൻെറ ഭാഗമായി പ. ബാവാ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ കുവൈറ്റിൽ ആദ്യമായി നടത്തിയ വി. അഞ്ചിന്മേൽ കുർബാനയുടെ അവസാനം, 1350 കുട്ടികളും 135 അദ്ധ്യാപകരുമായി മലങ്കര സഭയിലെ ഏറ്റവും വലിയ സൺഡേസ്കൂളായ കുവൈറ്റ് സെൻറ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവക സൺഡേസ്കൂളിനെ, ആയിരക്കണക്കിന് സഭാവിശ്വാസികളെ സാക്ഷി നിർത്തി, സഭയിലെ ആദ്യത്തെ **'ജൂബിലി വേദമഹാവിദ്യാലയ'**മായി പ. ബാവാ തിരുമേനി പ്രഖ്യാപിച്ചു. മഹാ ഇടവക വികാരി ഫാ. രാജു തോമസ് പ. ബാവവയുടെ കൽപ്പന വായിച്ചു. കൂടുതൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വച്ച് പുതിയ തലമുറയെ ക്രിസ്തുവിനായി നേടുവാൻ ഈ സൺഡേസ്കൂളിന് ഇനിയും സാദ്ധ്യമാകട്ടെ എന്നും, ഇത് മറ്റ് ഇടവകകൾക്ക് മാതൃകയും, പ്രചോദനവുമാകട്ടെയെന്നും പ. പിതാവ് ആശംസിച്ചു.

20 വർഷമായി സൺഡേസ്കൂളിൻെറ പ്രധാനാദ്ധ്യാപകനായി സേവനമനുഷ്ഠിക്കുന്ന കുര്യൻ വർഗീസിനോടൊപ്പം, ജൂബിലി ആഘോഷങ്ങളിൽ ക്ഷണിതാക്കളായി എത്തിയ മുൻ അദ്ധ്യാപകർ, 25 വർഷം സേവനം ചെയ്ത കുവൈറ്റിലുള്ള മറ്റ് അദ്ധ്യാപകർ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

ജൂബിലിയുടെ ഭാഗമായി കുട്ടികൾ, അദ്ധ്യാപകർ, യുവാക്കൾ, മാതാപിതാക്കൾ എന്നിവർക്കായി അനവധി പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. HG (Dr) Joseph Mar Dionysius, HG (Dr.) Yakub Mar Irenios, Prof. Mary Mathew, Fr. Mathai Edayanal, Shibu Alex, Dr. Biju Jacob തുടങ്ങിയവർ വിവിധ ക്ളാസുകൾക്ക് നേതൃത്വം നൽകി. 2 ആഴ്ച നീണ്ടു നിന്ന വെക്കേഷൻ ബൈബിൾ ക്ളാസ്, Talent Scan എന്നിവക്ക് പുറമെ കുവൈറ്റിലെ മുഴുവൻ ഓർത്തഡോക്സ് ഇടവകകളെയും പങ്കെടുപ്പിച്ച് Inter-Sunday School Competition-ഉം നടത്തുകയുണ്ടായി.

നിർധനരായ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായ പദ്ധതിയും, Bible Society in the Gulf-മായി സഹകരിച്ച് കുട്ടികൾക്ക് Make your own Bibile എന്ന നൂതന പദ്ധതിയും ഉതഘാടനം നടത്തി. Golden Jubilee Medellion, സഭയുടെയും സൺഡേസ്കൂളിൻെറയും ചരിത്രവുമായി 'Reference Book' എന്നിവയും പ്രകാശനം ചെയ്തു.

ഇടവക വികാരി Fr. Raju Thomas, സഹവികാരി Fr. Reji C. Varghese, Golden Jubilee General Convener പി.സി. ജോർജ്, എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പരിപാടികളുടെ

**വിജയത്തിനായി പ്രവർത്തിച്ചു. സമാപന ചടങ്ങിൽ** HG (Dr.) Joseph Mar Dionysius, HE Sunil Jain (Indian Ambassador), Dr. Saad Al Ajmi (Ex-Minister), Anwar Al-Rasheed (President, Gulf Civil Society Association), V. Rev. Massis Zoubouyian (Patriarchal Vicar of Kuwait, Armenian Church), Dr. Hrayr Jebejian (Director of Bible Society in the Gulf), Fr. (Dr.) Reji Mathew, Fr. (Dr.) Bijesh Philip, Fr. C.J. Punnoose Cor-episcopa, Fr. M.C. Paulose, **ഇതര സഭകളിലെയും ഇടവകകളിലെയും വികാരിമാർ,** NECK **ഭാരവാഹികൾ, സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ പങ്കെടുത്തു.**

---

## Kuwait St. Gregorios Indian Orthodox Sunday School hereafter to be known as

## ‘Jubilee Veda Maha Vidyalaya’

---

His Holiness Baselius Marthoma Paulose II renamed Kuwait St. Gregorios Indian Orthodox Sunday School as ' **Jubilee Veda Maha Vidyalaya'** – a new title for a Sunday School for the first time in the history of Malankara Church. The announcement was in the end of a Penta Mass, HH Bhava Thirumeni as the chief celebrant with the participation of priests from other Orthodox parishes, arranged by Maha Edavaka as part of the year-long Sunday School Golden Jubilee celebrations.

The Golden Jubilee celebrations was inaugurated in Nov. 2014, which was concluded in a glittering ceremony in Kuwait attended by HH Baselios Marthoma Paulose II, on 16th Oct. 2015,

With 1350 students and 135 teachers, Kuwait Maha Edavaka Sunday School is the largest and most vibrant Sunday School in Malankara Orthodox Church. The new title is in appreciation of its contribution to the Malankara Church in general and Calcutta Diocese in particular.

His Holiness hoped that other parishes in the Church will be encouraged to take more pro-active steps to rejuvenate their Sunday Schools to be eligible for the new title.

During the Jubilee year, various programs for the children, youth, parents & teachers were conducted. Besides annual OVBS and Talent Scan, Inter-Sunday School competitions with the participation of other 3 parishes also was arranged as part of Jubilee programs. HG (Dr) Joseph Mar Dionysius, HG (Dr.) Yakub Mar Irenios, Prof. Mary Mathew, Fr. Mathai Edayanal, Shibu Alex and Dr. Biju Jacob lead various classes.

New projects such as ‘Make Your Own Bible’ for the children and Students scholarship were also launched. A ‘Reference Book’ detailing the history of our Church and Sunday School was also released, besides a Golden Jubilee Medellion for all families of the parish as a souvenir.

Headmaster Kurien Varghese and teachers who have completed 25 years of service in Sunday Schools were also honored in the function.

The Closing ceremony was attended also by HG (Dr.) Joseph Mar Dionysius, HE Sunil Jain (Indian Ambassador), Dr. Saad Al Ajmi (Ex-Minister), Anwar Al-Rasheed (President, Gulf Civil Society Association), V. Rev. Massis Zoubouyian (Patriarchal Vicar of Kuwait, Armenian Church), Dr. Hrayr Jebejian (Director of Bible Society in the Gulf), Fr. (Dr.) Reji Mathew, Fr. (Dr.) Bijesh Philip, Fr. C.J. Punnoose Cor-episcopa, Fr. M.C. Paulose, Vicars & officials of other parishes as well as NECK officials and social leaders.

---

*Prepared by :-*

**Johney Kunnil**
Convener, Media & Publicity
SS Golden Jubilee & Harvest Festival
jkunnil@hotmail.com M: 99440328